**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6214** **09-11-2021 - ൽ മറുപടിയ്ക്ക്**

**അവശ കലാകാരന്മാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പശ്ചാത്തലത്തിൽ സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സിനിമാ തിയേറ്ററുകളിൽ കോവിഡ് പ്രതിരോധ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് 50% പ്രേക്ഷകരെ വച്ച് 25.10.2021 മുതൽ തുറന്നു പ്രവർത്തിപ്പിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സിനിമാ തിയേറ്ററുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിലെ ഇളവുകൾ 25% ൽ നിന്ന് 50% ആയി ഉയർത്തി നല്കി. തുടർന്നുള്ള 2020 ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ 50% ഇളവുകൾ നല്കി. ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകളും അനുവദിച്ചു. ഏതെങ്കിലും തിയേറ്ററുകൾ ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗികമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നല്കുവാനും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 മെയ് മാസത്തിൽ ഫിക്സഡ് ചാർജ്ജ് 50% ആയി കുറവുചെയ്ത് നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളേക്കാളും വൈദ്യുതി ചാർജ്ജ് ഇനത്തിൽ കൂടുതൽ ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്. സിനിമാ തിയേറ്ററുകൾക്ക് 2020-21 കാലയളവിലുള്ള കെട്ടിട നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 6 തവണ വ്യവസ്ഥയിൽ 2021 ഏപ്രിൽ മുതൽ സ്വീകരിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിയേറ്ററുകൾക്ക് നല്കിയിരുന്ന ട്രേഡ് ലൈസൻസ് കാലാവധി കണക്കാക്കാതെ 2021 മാർച്ച് 31 വരെ പുതുക്കുവാനും അനുവദിച്ചു. സിനിമാ തിയേറ്ററുകളുടെ 2020-2021 സാമ്പത്തിക വർഷത്തെയ്ക്കുള്ള വിനോദ നികുതിയും ഒഴിവാക്കിയിട്ടുണ്ട്. സിനിമാ മേഖലയ്ക്ക് കൂടുതൽ ഇളവുകൾ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ബി) | സിനിമ വ്യവസായത്തിൽ ഉൾപ്പെടെയുള്ള അവശ കലാകാരന്മാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ | (ബി) | കോവിഡ് മഹാമാരി മൂലം ഉപജീവനം നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയവരും 10 വർഷക്കാലം |

| | | | |
|---|---|---|---|
| | പരിഹരിക്കാൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ? | | തുടർച്ചയായി കലാരംഗത്ത് പ്രവർത്തിക്കുന്നവരും കേരളത്തിൽ സ്ഥിരതാമസം ആക്കിയിട്ടുള്ള വരുമായ 32000 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും പ്രതിമാസം 1000/- രൂപാ വീതം 2 മാസത്തേക്ക് അടിയന്തിര ധനസഹായം അനുവദിച്ചുകൊണ്ട് നടപ്പിലാക്കിയ സഹായ പദ്ധതി പ്രകാരം 640 ലക്ഷം രൂപാ ആദ്യ ഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സാംസ്കാരിക വകുപ്പും അക്കാദമികളും മുഖേനയുള്ള സമാശ്വാസ ധനസഹായത്തിന് അപേക്ഷിക്കാൻ കഴിയാതെ പോയവരും അതുവരെ മറ്റ് ധനസഹായങ്ങൾ ലഭിച്ചിട്ടില്ലാത്തവരുമായ കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും കൂടി സമാശ്വാസ ധനസഹായമായി 1000 രൂപാ വിതം ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചത് പ്രകാരം 29050 കലാകാരന്മാർക്കും അനുബന്ധ പ്രവർത്തകർക്കും 290.5 ലക്ഷംരൂപ രണ്ടാം ഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതികളിൽ സിനിമാ മേഖലയിലെ കലാകാരന്മാരും ഉൾപ്പെട്ടിട്ടുണ്ട്. സാംസ്കാരിക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവർക്ക് കഴിഞ്ഞ വർഷം 2000/- രൂപ വീതം നൽകിയിട്ടുണ്ട്. ഈ വർഷം 1000/- രൂപ വീതം ധനസഹായം നൽകി വരുന്നു. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായ സിനിമാ പ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ, ചികിത്സാ ധനസഹായം, അംഗങ്ങളുടെ അവകാശികൾക്ക് മരണാനന്തര ധനസഹായം, കുടുംബപെൻഷൻ എന്നിവ നൽകി വരുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ കലാകാരന്മാർക്ക് പൊതുവേദികൾ നഷ്ടപ്പെടുന്നതു കൊണ്ട് കലാസമൂഹത്തിന് കൈത്താങ്ങാകു വാൻ വിവിധ പദ്ധതികൾ സാംസ്കാരികകാര്യ വകുപ്പ് നടപ്പിലാക്കി വരുന്നു. കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവൻ മുഖേന വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാ സമൂഹത്തിന് നവമാധ്യമത്തിലൂടെ വേദി ഒരുക്കുവാനും സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി കോവിഡ് ലോക് ഡൗൺ അനുബന്ധ സമാശ്വാസ പദ്ധതിയാണ് ‘മഴമിഴി ’ നവമാധ്യമ കലാസംഗമം. 2021 ഓഗസ്റ്റ് 28 മുതൽ നവംബർ 1 വരെ 65 ദിവസം നീണ്ടു നിന്ന 'മഴമിഴി' സാംസ്കാരികോത്സവം സംഘടിപ്പിച്ചു. ഗോത്രകലകൾ, നാടൻകലകൾ അനുഷ്ഠാന കലകൾ, ക്രിസ്തീയകലകൾ, മാപ്പിളകലകൾ, ക്ഷേത്രകലകൾ, ശാസ്ത്രീയ നൃത്തം, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, നാടകം, ചിത്രകല, |

| | | | |
|---|---|---|---|
| | | | ശില്പകല, ഫോട്ടോഗ്രഫി തുടങ്ങി 135-ഓളം കലാരൂപങ്ങളേയും ഭിന്നശേഷി, ട്രാൻസ്ജെൻഡേഴ്സ്, അന്ധ, ബധിര, മൂക കലാസംഘങ്ങൾ തുടങ്ങിയവരെ ഉൾപ്പെടുത്തി 380 ഓളം സംഘങ്ങളിലായി 3500ൽ പരം കലാപ്രവർത്തകർക്ക് ധനസഹായവും സർഗ്ഗ പ്രകാശനങ്ങൾക്കുള്ള നവമാധ്യമ വേദിയും നൽകുവാൻ ഇത് വഴി വിഭാവനം ചെയ്തിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രതിസന്ധിയിലകപ്പെട്ട കേരളത്തിലെ നിർധനരായ കലാകാരന്മാരെ സാമ്പത്തികമായി സഹായിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി നടപ്പിലാക്കിയ 'സർഗ്ഗഭൂമിക' എന്ന ഓൺലൈൻ പരിപാടിയിൽ 250 കലാകാരന്മാർ പങ്കെടുത്തു. ആയതിന് 5,03,300/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 25 അമേച്വർ കലാസമിതികൾക്ക് 2 ലക്ഷം രൂപാ വീതം ധനസഹായം നൽകുന്ന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങൾ കേരള സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കേരള ലളിത കലാ അക്കാഡമി, കോവിഡ് കാലത്ത് കേരളത്തിലെ 14 ജില്ലകളിലെ 105 ചിത്രകാരന്മാർ സ്വന്തം വീടുകളിലിരുന്ന് ചിത്രം വരയ്ക്കുന്ന 'നിറകേരളം' (വർക്ക് അറ്റ് ഹോം) എന്ന പേരിൽ ദശദിന ചിത്രകലാ ക്യാമ്പ് സംഘടിപ്പിച്ചിരുന്നു. കലാകാരന്മാർക്ക് 25000/- രൂപ വീതം ഓണറേറിയവും, ക്യാൻവാസും നിറങ്ങൾക്കായി 2000/- രൂപയും നൽകി. മഹാമാരിക്കാലത്ത് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികളിലൂടെ അവശത അനുഭവിക്കുന്ന കലാസമൂഹത്തിന് ശക്തമായ കൈത്താങ്ങായി പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ